(ബി) ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(സി) ഐ. ആർ. ഡി. പി. പദ്ധതികൾക്ക് വേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ അഭിരുചിയും സൗകര്യങ്ങളും കണക്കാക്കി ലോൺ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സംയോജിത ഗ്രാമവികസന പരിപാടി നടപ്പിലാക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(സി) ഗുണഭോക്താക്കളുടെ അഭിരുചിയും അടിസ്ഥാന സൗകര്യങ്ങളും കണക്കിലെടുത്താണ് ഐ.ആർ.ഡി.പി.യിൽ കുടുംബ വരുമാന പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വായ്പ ഇപ്പോൾ ലഭ്യമാക്കി വരുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. പാമോലിൻ ഇറക്കുമതി സംബന്ധിച്ച് പി. യു. സി.-യുടെ അന്വേഷണ റിപ്പോർട്ട്

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സ്പീക്കർ സർ, നാലു വർഷങ്ങൾക്കു മുൻപ് പാമോലിൻ അഴിമതിയെ സംബന്ധിച്ച് നിയമസഭയിൽ ഉന്നയിച്ചപ്പോൾ അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ആ പ്രശ്നത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതോടുകൂടി സഭ പിരിയുകയാണ്. ഇത്രയും കാലമായിട്ടും ആ കമ്മിറ്റിയുടെ ഇതു സംബന്ധിച്ച റിപ്പോർട്ട് വന്നിട്ടില്ല. കമ്മിറ്റി ഇതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു അന്തിമ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിനിടയ്ക്ക് കമ്മിറ്റി ചെയർമാൻ അമേരിക്കയിലോ മറ്റോ പോയിരുന്നു. ഇപ്പോൾ അദ്ദേഹം വന്നിട്ടുണ്ട്. അതുകൊണ്ട് ഈ സഭ പിരിയുന്നതിനു മുൻപ അടിയന്തിരമായിട്ട് റിപ്പോർട്ട് കിട്ടാൻ സത്വര നടപടിയുണ്ടാകണം. ഇതു സംബന്ധിച്ച് അങ്ങയുടെ നിർദ്ദേശം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. [9.30 a. m.]

മി. സ്പീക്കർ : അത് ഞാൻ പരിശോധിക്കാം.

ശ്രീ. എ. സി. ഷൺമുഖദാസ് : സഭ പിരിയുന്നതിനു മുൻപ് നടപടി ഉണ്ടാകണം.

മി. സ്പീക്കർ : ഞാൻ പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

III. അംഗങ്ങൾക്ക് വിതരണം ചെയ്ത ബില്ലിന്റെ കോപ്പി വ്യക്തമല്ലാത്തതിനാൽ വായിക്കാൻ കഴിയുന്നില്ലെന്ന പരാതി

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, എനിക്ക് ഇന്നലത്തെ കവറിൽ കിട്ടിയ സൈക്ലോസ്റ്റൈൽ ചെയ്ത ബില്ലിന്റെ ഒരു കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത്. ഒന്നാമത് വോൾട്ടേജില്ല. ഇത് വായിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ല. ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബില്ലാണെന്നാണ് തോന്നുന്നത്. ഇതിലെ പല അക്ഷരങ്ങളും തെളിഞ്ഞിട്ടില്ല. ഗവൺമെന്റ് പ്രസ്സ് പൂട്ടിപ്പോയോ? ഗവൺമെന്റ് പ്രസ്സിൽ കൊടുത്താൽ ഉടനെ പ്രിന്റ് ചെയ്തു കിട്ടും. ഇതൊന്ന് വായിച്ച് മനസ്സിലാക്കണ്ടേ? ഇതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ പൂർണ്ണ ബോദ്ധ്യവാനാണ്. ഇത് ചർച്ച ചെയ്യണം. ഇതിലൊന്നും അഭിപ്രായ വ്യത്യാസമില്ല. ഇതൊന്നും ഇല്ലെങ്കിലും ചർച്ച ചെയ്യാം. എന്നാലും ഈ ഒരു മര്യാദ പാലിക്കണം. ഇതൊന്നും ഇല്ലാതെ തന്നെ ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബില്ല് ചർച്ച ചെയ്തു പാസ്സാക്കി കൊടുക്കാം. ശ്രീ. ആര്യാടൻ മുഹമ്മദ് എഴുന്നേറ്റുനിന്ന് പറഞ്ഞാൽ മതി. അപ്പോൾ തന്നെ കൈ പൊക്കി പാസ്സാക്കിക്കൊടുക്കാം. ഇത് വായിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവൺമെന്റ് ചെയ്തിരിക്കുന്നതെങ്കിൽ ഇന്ന് പ്രസ്സിൽ കൊടുത്താൽ നാളെ പ്രിന്റ് ചെയ്ത് കിട്ടും. പ്രിന്റ് ചെയ്ത് തരേണ്ടതല്ലേ ?

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമുനപ്പെട്ട വർക്കല രാധാകൃഷ്ണന്റെ കൈവശമുള്ളത് ടോഡി വർക്കേഴ്സ് വെൽഫയൽ ഫണ്ട് (ഭേദഗതി) ബില്ലാണ്. ടോഡി വർക്കേഴ്സിന് പെൻഷൻ കൊടുക്കണമെന്ന് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അഭിപ്രായമുള്ളതാണ്. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ പ്രതിപക്ഷം വളരെയധികം സഹകരിച്ച ഒരു കാര്യവുമാണ്. അതിന്റെ അടിയന്തിര പ്രാധാന്യം ഓർത്താണ് അത് ചെയ്തത്. അത് ക്ലിയറാകാത്ത കോപ്പിയാണെങ്കിൽ ക്ലീയറായ കോപ്പി തന്നെ താൻ തയ്യാറാണ്.

മി. സ്പീക്കർ : അവിടെ വിതരണം ചെയ്യപ്പെടുന്ന ബില്ലുകളുടെ കോപ്പി കൃത്യം വായിക്കത്തക്കവിധത്തിൽ ആക്കണമെന്ന് ഞാൻ നിർദ്ദേശം നൽകുകയാണ്. ഇക്കാര്യത്തിൽ അങ്ങേയ്ക്ക് തന്ന കോപ്പി മാറ്റി തരാൻ നിർദ്ദേശം കൊടുക്കാം.

.....(ബഹളം).....

പാമോലിൻ ഇറക്കുമതി സംബന്ധിച്ച പി. യു. സി. യുടെ അന്വേഷണ റിപ്പോർട്ട് (തുടർച്ച)

ശ്രീ. ബേബി ജോൺ : സർ, പ്രതിപക്ഷ നേതാവ് വളരെ ഗുരുതരമായ ഒരു കാര്യത്തെ സംബന്ധിച്ചാണ് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. പാമോയിൽ അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തുന്ന പി. യു. സി. യുടെ റിപ്പോർട്ട് ഇതുവരെ വന്നിട്ടില്ല. ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ് അന്ന് പ്രതിപക്ഷം പറഞ്ഞിരുന്നത്. ഒടുവിൽ പ്രത്യേകമായി പി. യു. സി. ഇത് അന്വേഷിക്കട്ടെയെന്ന് ചീഫ് മിനിസ്റ്റർ തന്നെ അന്നു പറഞ്ഞു. അതു കഴിഞ്ഞ് റിപ്പോർട്ടൊക്കെ ആയിട്ടുണ്ട്. ഇപ്പോൾ അതിൽ നിന്നും വളരെ ബോധപൂർവ്വം ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഒരു മിനിറ്റിനു മുമ്പാണ് എനിക്ക് ഇതു സംബന്ധിച്ച് നോട്ടീസ് തന്നത്. അതിനെക്കുറിച്ച് പരിശോധിച്ച് ഞാൻ പറയാം.

ശ്രീ. ബേബി ജോൺ : അങ്ങയുടെ ഭാഗത്ത് വീഴ്ചയുണ്ടെന്നല്ല ഞാൻ പറഞ്ഞത്. വളരെ ബോധപൂർവ്വം ഭരണകക്ഷി ഇതിൽ നിന്നും ഒഴിഞ്ഞുമാറുന്നു. കാരണം കള്ളി പുറത്താകുമെന്നുള്ളതുതന്നെ.

മി. സ്പീക്കർ : ഞാൻ പരിശോധിച്ചിട്ട് പറയാം.

IV. ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. വിജയകുമാർ : സർ, ചോദ്യങ്ങളെ സബന്ധിച്ച ഒരു പ്രശ്നം ഞാൻ ഇന്നലെ എഴുതി തന്നിരുന്നു. പരിശോധിച്ചിട്ട് പറയാമെന്ന് അങ്ങ് പറഞ്ഞു. അതുകൊണ്ടാണ് ഇന്നലെ പറയാത്തത്. സാധാരണ ഗതിയിൽ ചോദ്യങ്ങളെക്കുറിച്ച് പരാതി പറയുന്നത്, മറുപടി കിട്ടുന്നില്ലെന്നാണ്. ഇത് ഒത്തിരി കേട്ടുകഴിഞ്ഞ മറുപടിയുമാണ്. എന്റെ പരാതി അതല്ല, എന്റെ പരാതി ചോദ്യങ്ങൾതന്നെ കാണുന്നില്ല എന്നാണ്. ഉദാഹരണമായി, കഴിഞ്ഞ മാസം 29-ാം തീയതി ഞാൻ ഒരു ചോദ്യം ചോദിച്ചിരുന്നു. അതിന്റെ ഉത്തരം വരേണ്ടത് 13-ാം തീയതിയാണ്. 13-ാം തീയതി നോക്കുമ്പോൾ സ്റ്റാർഡ് കമസ്റ്റ്യന്റെ കൂട്ടത്തിലുമില്ല. അൺസ്റ്റാർഡ് കമസ്റ്റ്യന്റെ കൂട്ടത്തിലും ഇല്ല. ഇത് രണ്ടിലുമില്ലെങ്കിൽ ഇതു സംബന്ധിച്ച് ഒരു കാർഡ് തരുമല്ലോ, ആ കാർഡുമില്ല. ഞാൻ വസ്തുതകൾ പറയുകയാണ്. ഈ രൂപത്തിലുള്ള എന്റെ പതിനാല് ചോദ്യങ്ങളുണ്ട്. ഈ സംസ്ഥാനത്തെ ക്രമസമാധാന നിലയെ ബാധിക്കുന്ന, അധോലോക പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന കവർച്ചയെ സംബന്ധിക്കുന്ന ചോദ്യങ്ങളായിരുന്നു. അങ്ങ് എനിക്ക് മറുപടി നൽകിയതിനുശേഷം ഇന്നലെ സഭ പിരിയുന്നതിന് മുൻപ് ഒരു കെട്ട് കാർഡ് എനിക്ക് കിട്ടി. ചട്ടം 36-(2) (എം) വകുപ്പ് പ്രകാരമുള്ള കാർഡുകളായിരുന്നു അവ. ഇത് ആളുകളെ പറഞ്ഞുകൊണ്ടിയുള്ള ഒരു വകുപ്പാണ്. എന്റെ ചോദ്യങ്ങൾ ആവർത്തനത്തിൽ വരുന്നതല്ല. സർക്കാരിൽ നിന്നും വിവരം ലഭിക്കേണ്ട വളരെ പ്രസക്തമായ ചോദ്യങ്ങളായിരുന്നു അവ. ആവർത്തനമാണെങ്കിൽ അതു പറയാമല്ലോ ; അതുകൊണ്ട് വളരെ ഗൗരവപൂർവ്വമായ, സർക്കാരിൽ നിന്നും ലഭിക്കേണ്ട വിവരങ്ങൾ ലഭിച്ചേ മതിയാകൂ. അത് മൂടി വയ്ക്കാൻ സാധിക്കില്ല. നിരവധി തവണ ആവശ്യപ്പെട്ടതാണ്. ഇത് അംഗങ്ങളുടെ അവകാശമാണ്. അങ്ങ് ഞങ്ങളെ സംരക്ഷിക്കണം. നിർബന്ധമായിട്ടും ഇതു സംബന്ധിച്ച് അങ്ങയുടെ റൂളിംഗ് വേണം.

മി. സ്പീക്കർ : ശ്രീ. വിജയകുമാർ പറഞ്ഞകാര്യം വളരെ ഗൗരവമുള്ളതാണ്. ഇതുപോലെ ശ്രീ. കെ.പി. മമ്മു മാസ്റ്റർ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. കെ. പ്രകാശ് ബാബു തുടങ്ങി വളരെയധികം മെമ്പർമാർ എഴുതി തന്നിട്ടുണ്ട്.

.....(ബഹളം).....

ഇതു സംബന്ധിച്ച് വളരെയധികം അംഗങ്ങൾ എനിക്ക് പരാതി എഴുതി തന്നിട്ടുണ്ട്. വളരെ ഗൗരവമേറിയ ഒരു കാര്യമാണിത്. വിവരങ്ങൾ അറിയാനുള്ള മെമ്പർമാരുടെ അവകാശം നിഷേധിക്കുന്നത് ശരിയല്ല. ഇൻഡിവിഡുവൽ കേസ് എന്താണെന്ന് അന്വേഷിക്കാൻ വേണ്ടി കൊടുത്തിട്ടുണ്ട്. വിവരം കിട്ടിയാലുടനെതന്നെ അറിയിക്കുന്നതാണ്. അതിന്റെ നടപടി ക്രമത്തിലെന്തെങ്കിലും അപാകതകളുണ്ടെങ്കിൽ അത് ഒഴിവാക്കാൻ വേണ്ട കർശനമായ നിർദ്ദേശവും ചെയർ നൽകുന്നതാണ്.

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly